## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2621 02.04.2013 -ൽ മറുപടിയ്ക്ക്

### മലയാള ഭാഷാ പഠനം നിർബന്ധമാക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. വി. ശിവൻ കുട്ടി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി ) |
| (എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാള ഭാഷാ പഠനം നിർബന്ധമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് ഏന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും (ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ) മലയാളഭാഷ പഠനം നിർബന്ധമാ - ക്കുന്നതിനാണ് 01.09.2011 -ലെ സർക്കാർ ഉത്തരവ് നമ്പർ 183/11/പൊ.വി. യിൽ ഉത്തരവായിട്ടുള്ളത്. ഇതിന്റെ തുടർച്ചയായി എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ടി ഉത്തരവ് നടപ്പാക്കുന്നതിനായി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) മലയാളം പഠിപ്പിക്കാത്ത സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, ഐ.എസ്.സി അൺ എയ്ഡഡ് സ്ക്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഇത്തരം വിദ്യാലയങ്ങളുടെ കാര്യത്തിൽ സ്വീകരിച്ച സമീപനം എന്താണ് ; | (ബി) 01.09.11 -ലെ ഉത്തരവ് എല്ലാ സ്ക്കൂളുകളിലും നടപ്പിൽ വരുത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും ചില ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ സ്ക്കൂളുകളും ടി ഉത്തരവ് നടപ്പാക്കുന്നതിൽ വിമുഖത കാണിച്ച |

(...............2)

| | |
|---|---|
| | തിന്റെയടിസ്ഥാനത്തിൽ ഇത്തരം സ്കൂൾ പ്രധാനദ്ധ്യാപകരുടെ ഒരു യോഗം വിളിച്ചു ചേർക്കുകയും മലയാളം നിർബന്ധ ഭാഷയാക്കുന്ന - തിനുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ സി.ബി.എസ്.ഇ , ഐ.സി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭരണ നിയന്ത്രണം കേന്ദ്രഗവൺമെന്റിനാകയാലും പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആയതിനാലും ടി സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനില്ലായെന്ന് ബഹു: ഹൈക്കോടതിയുടെ ഡബ്ല്യൂ.പി.(സി ) നം.2435/12/ (ഡി)-ൽ പരാമർശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളിലെ മലയാളഭാഷാ പഠനം പൂർണ്ണരീതിയിൽ നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല. ടി വിധിക്കെതിരെ ബഹു: സുപ്രീം കോടതിയിൽ എസ്.എൽ.പി ഫയൽ ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) സംസ്ഥാന സർക്കാർ സർവ്വീസിൽ സ്ഥിര നിയമനം ലഭിക്കുന്നതിന് മലയാള ഭാഷാ പരിജ്ഞാനം നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവിറക്കിയ സാഹചര്യത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ? | (സി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും (ഐ.സി.എസ്.ഇ, സി.ബി.എസ്.ഇ കേന്ദ്രീയ വിദ്യാലയങ്ങൾ ഉൾപ്പെടെ) മലയാളഭാഷാപഠനം നിർബന്ധമാ - ക്കുന്നതിനാണ് 01.09.2011 -ലെ സർക്കാർ ഉത്തരവ് നമ്പർ 183/11/പൊ.വി. യിൽ ഉത്തരവായിട്ടുണ്ട്. സി.ബി.എസ്.ഇ , |

(...............3)

ഐ.സി.എസ്.ഇ, കേന്ദ്രീയ വിദ്യാലയങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെ ഭരണ നിയന്ത്രണം കേന്ദ്രഗവൺമെന്റിനാകയാലും പാഠ്യപദ്ധതി തയ്യാറാക്കുന്നത് എൻ.സി.ഇ.ആർ.ടി ആയതിനാലും ടി സ്ഥാപനങ്ങളുടെ പാഠ്യപദ്ധതിയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം സംസ്ഥാന ഗവൺമെന്റിനില്ലായെന്ന് ബഹു: ഹൈക്കോടതിയുടെ ഡബ്ല്യു.പി.(സി ) നം.2435/12/(ഡി)-ൽ പരാമർശിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളിലെ മലയാളഭാഷാ പഠനം പൂർണ്ണരീതിയിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ